നം.സി1/21663/റ്റി.സി/2008

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി: 28.07.2011

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട്മാരും,

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്.- താത്ക്കാലിക പെർമിറ്റുകൾക്ക് നിയമവിരുദ്ധമായി വർദ്ധിപ്പിച്ച നിരക്കിൽ ഫീസ് ഈടാക്കുന്നു എന്ന പരാതി സംബന്ധിച്ച്

സൂചന:- 1. 24.03.2011 തീയതിയിലെ സർക്കാർ കത്ത് നം.3772/ബി.2/11/ട്രാൻ
2. 03.08.2010 തീയതിയിലെ ജി.ഒ.(പി)നം.59/2010/ട്രാൻ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചനപ്രകാരമുള്ള സർക്കാർ കത്തിനൊപ്പം അയച്ചുതന്ന 15.03.2011 തീയതിയിലെ കേരള ബസ് ട്രാൻസ്പോർട്ട് അസ്സോസിയേഷന്റെ നിവേദനത്തിൽ ചൂണ്ടികാണിക്കുന്നതെന്തെന്നാൽ 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 87(1)(ഡി) വകുപ്പ് പ്രകാരമുള്ള പെർമിറ്റ് റിന്യൂവൽ പെൻഡിംഗ്, സബ്സ്റ്റിറ്റ്യൂട്ട് പെർമിറ്റ് തുടങ്ങിയവയ്ക്കൊക്കെ സൂചന (2) പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്ക് ഈടാക്കുന്നു എന്നാണ്. 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 87(1)(എ), 87(1)(ബി),87(1)(സി), 88(8) എന്നിവയുടെ അടിസ്ഥാനത്തിൽ നല്കുന്ന പെർമിറ്റുകൾക്കാണ് സൂചനപ്രകാരം ഫീസ് വർദ്ധിപ്പിച്ചതെന്ന് ഓർമ്മിപ്പിച്ചുകൊള്ളുന്നു. ആയതുകൊണ്ട് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി താത്ക്കാലിക പെർമിറ്റുകൾക്ക് അധിക ഫീസ് ഈടാക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ് /-
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക് സ്)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്
കെ